## മധുരമായ കുട്ടികളെ - അകാലമൂർത്തിയായ ബാബയുടെ സംസാരിക്കുന്ന- ചലിക്കുന്ന സിംഹാസനം ഇദ്ദേഹം (ബ്രഹ്മാവ്) ആണ്, എപ്പോൾ ബാബ ബ്രഹ്മാവിൽ വരുന്നുവോ അപ്പോൾ നിങ്ങൾ ബ്രാഹ്മണരെ രചിക്കുന്നു.

**ചോദ്യം -** സമർത്ഥരായ കുട്ടികൾക്ക് ഏതൊരു രഹസ്യത്തെ മനസ്സിലാക്കി ശരിയായ രീതിയിൽ മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നു?
**ഉത്തരം -** ബ്രഹ്മാവാരാണ് ആ ബ്രഹ്മാവെങ്ങനെ വിഷ്ണുവാകുന്നു. പ്രജാപിതാ ബ്രഹ്മാവിടെയാണ്, അദ്ദേഹം ഒരു ദേവതയല്ല. ബ്രഹ്മാവ് തന്നെയാണ് ബ്രഹ്മാണരിലൂടെ ജ്ഞാന യജ്ഞം രചിച്ചത്..... ഈ എല്ലാ രഹസ്യങ്ങളും സമർത്ഥരായ കുട്ടികൾക്ക് തന്നെയാണ് മനസ്സിലാക്കി മനസ്സിലാക്കി കൊടുക്കാൻ സാധിക്കുന്നത്. കുതിര സവാരിക്കാരും കാലാളും ഇതിൽ ആശയക്കുഴപ്പത്തിലാകും.

**ഗീതം -** ഓം നമ ശിവായ...............

**ഓം ശാന്തി**. ഭക്തിയിൽ ഒന്നിന്റെ മഹിമ ചെയ്യുന്നു. മഹിമ പാടാറുണ്ടല്ലോ. പക്ഷെ ആ ഒന്നിനെ അറിയുന്നുമില്ല, യഥാർത്ഥ പരിചയവും ഇല്ല. അഥവാ യഥാർത്ഥ മഹിമ അറിയുന്നുവെങ്കിൽ തീർച്ചയായും വർണ്ണിക്കും. നിങ്ങൾ കുട്ടികൾക്കറിയാം ഉയർന്നതിലും ഉയർന്നത് ഭഗവാനാണ്. ചിത്രം മുഖ്യമായത് ഭഗവാന്റെയാണ്. ബ്രഹ്മാവിന് സന്താനങ്ങളും ഉണ്ടാകുമല്ലോ. നിങ്ങൾ എല്ലാവരും ബ്രാഹ്മണരാണ്. ബ്രഹ്മാവിനെയും ബ്രാഹ്മണർക്കേ അറിയൂ വേറെ ആരും അറിയില്ല, അതുകൊണ്ട് ആശയക്കുഴപ്പത്തിലാകുന്നു. ബ്രഹ്മാവിനെ സൂക്ഷ്മവതനവാസിയായി കാണിച്ചിരിക്കുന്നു. ഇപ്പോൾ പ്രജാപിതാ ബ്രഹ്മാവ് സൂക്ഷ്മവതനത്തിലുണ്ടാവുക സാധ്യമല്ല. അവിടെ രചന ഉണ്ടായിരിക്കില്ല. ഇതിൽ നിങ്ങളുടെയടുത്ത് ഒരുപാട് വാദ-വിവാദവും ചെയ്യുന്നു. മനസ്സിലാക്കികൊടുക്കണം - ബ്രഹ്മാവും ബ്രാഹ്മണരും അപ്പോൾ ശരിയാണല്ലോ. ക്രിസ്തുവിൽ നിന്ന് ക്രിസ്ത്യൻ എന്ന വാക്ക് വന്നത് പോലെ. ബുദ്ധനിൽ നിന്ന് ബൗദ്ധീ, ഇബ്രാഹിമിൽ നിന്ന് ഇസ്ലാമി. അതുപോലെ പ്രജാപിതാ ബ്രഹ്മാവിൽ നിന്ന് ബ്രാഹ്മണർ പ്രസിദ്ധമാണ്. ആദി ദേവൻ ബ്രഹ്മാവ്. വാസ്തവത്തിൽ ബ്രഹ്മാവിനെ ദേവതയെന്ന് പറയാൻ സാധിക്കില്ല. ഇതും തെറ്റാണ്. ബ്രാഹ്മണനെന്ന് ആരാണോ സ്വയത്തെ പറയുന്നത് അവരോട് ചോദിക്കണം ബ്രഹ്മാവ് എവിടെ നിന്ന് വന്നു? ഇത് ആരുടെ രചനയാണ്. ബ്രഹ്മാവിനെ ആരാണ് രചിച്ചത്? ഒരിക്കലും ആർക്കും പറയാൻ സാധിക്കില്ല, അറിയുകയേ ഇല്ല. ഇതും നിങ്ങൾ കുട്ടികൾക്കറിയാം - ശിവബാബയുടെ രഥം, ഏതാണോ അതിൽ പ്രവേശിക്കുന്നു. കൃഷ്ണ രാജകുമാരനായിരുന്ന ആത്മാവ് തന്നെയാണ് അത്. 84 ജന്മങ്ങൾക്ക് ശേഷം വന്ന് ഇദ്ദേഹം (ബ്രഹ്മാവ്) ആയി മാറി. ജാതകത്തിലെ പേരാണെങ്കിൽ ഇവരുടെ വേറെയാകുമല്ലോ കാരണം മനുഷ്യനാണല്ലോ. പിന്നീട് ഇദ്ദേഹത്തിൽ പ്രവേശിക്കുന്നതിലൂടെ ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവെന്ന് വെച്ചിരിക്കുന്നു. ഇതും കുട്ടികൾക്കറിയാം - അവർ തന്നെയാണ് ബ്രഹ്മാ, വിഷ്ണുവിന്റെ രൂപം. നാരായണനാകുമല്ലോ. 84 ജന്മങ്ങളുടെ അന്തിമത്തിലും സാധാരണ രഥമാണല്ലോ. ഈ (ശരീരം) എല്ലാ ആത്മാക്കളുടെയും രഥമാണ്. അകാല മൂർത്തിയുടെ സംസാരിക്കുന്ന ചലിക്കുന്ന സിംഹാസനമാണ്. സിക്കുകാർ പിന്നെ ആ സിംഹാസനം ഉണ്ടാക്കിയിരിക്കുന്നു. അതിനെ അകാല സിംഹാസനമെന്ന് പറയുന്നു. ഇതാണെങ്കിൽ അകാല സിംഹാസനം എല്ലാമാണ്. ആത്മാക്കളെല്ലാം അകാലമൂർത്തിയാണ്. ഉയർന്നതിലും ഉയർന്ന ഭഗവാന് ഈ രഥമാണെങ്കിൽ ആവശ്യമാണല്ലോ. രഥത്തിൽ പ്രവേശിച്ച് ഇരുന്ന് ജ്ഞാനം നൽകുന്നു. ബാബയെ തന്നെയാണ് നോളേജ് ഫുൾ എന്ന് പറയുന്നത്. രചയിതാവിന്റെയും രചനയുടെയും ആദി-മധ്യ-അന്ത്യത്തിന്റെ ജ്ഞാനം നൽകുന്നു. നോളേജ്ഫുളിന്റെ അർത്ഥം അന്തര്യാമി അഥവാ എല്ലാം അറിയുന്നയാൾ എന്നല്ല. സർവ്വവ്യാപിയുടെ അർത്ഥം വേറെയാണ്, എല്ലാം അറിയുന്നയാളിന്റെ അർത്ഥം വേറെയാണ്. മനുഷ്യരാണെങ്കിൽ എല്ലാം കൂട്ടികലർത്തി എന്താണോ അറിയുന്നത് അത് പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ എല്ലാ ബ്രാഹ്മണരും ബ്രഹ്മാവിന്റെ സന്താനങ്ങളാണ്. നമ്മുടെ കുലം ഏറ്റവും ഉയർന്നതാണ്. അവർ ദേവതകളെ ഉയർന്നതാക്കി വെച്ചിരിക്കുന്നു എന്തുകൊണ്ടെന്നാൽ സത്യയുഗത്തിന്റെ തുടക്കത്തിൽ ദേവതകളുണ്ടായിരുന്നു. പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനങ്ങൾ ബ്രാഹ്മണരാണ് - ഇത് നിങ്ങൾ കുട്ടികൾക്കല്ലാതെ വേറെ ആർക്കും അറിയുകയില്ല. ബ്രഹ്മാവിനെ സൂക്ഷ്മവതനത്തിലാണെന്ന് മനസ്സിലാക്കിയിരിക്കുന്നേടത്തോളം അവർക്കെങ്ങനെ അറിയാൻ പറ്റും. ആ പൂജ ചെയ്യുന്ന ഭൗതിക ബ്രാഹ്മണർ വേറെയാണ് ,അവർ ഭക്ഷണം ക്ഷണം സ്വീകരിച്ച് കഴിക്കുന്നവരാണ്. നിങ്ങളാണെങ്കിൽ ഭക്ഷണത്തിനുള്ള ക്ഷണമൊന്നും സ്വീകരിക്കുന്നില്ല. ബ്രഹ്മാവിന്റെ രഹസ്യം ഇപ്പോൾ നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം. പറയൂ മറ്റു കാര്യങ്ങളെല്ലാം ഉപേക്ഷിച്ച് ആരിലൂടെയാണോ പതിതത്തിൽ നിന്ന് പാവനമായി മാറു

ന്നത്, ആദ്യം അവരെ ഓർമ്മിക്കൂ. പിന്നീട് ഈ കാര്യങ്ങളും മനസ്സിലാവും. ചെറിയ കാര്യത്തിൽ സംശയം വരുന്നതിലൂടെ ബാബയെ തന്നെ ഉപേക്ഷിക്കുന്നു. ആദ്യത്തെ പ്രധാന കാര്യമാണ് അള്ളാഹുവും സമ്പത്തും. ബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ. ഞാൻ തീർച്ചയായും ആരിലെങ്കിലും വരുമല്ലോ. അവരുടെ പേരും ഉണ്ടാവണം. അവരെ വന്ന് രചിക്കുന്നു. ബ്രഹ്മാവിനെക്കുറിച്ച് മനസ്സിലാക്കി കൊടുക്കുന്നതിന് നിങ്ങൾക്ക് വളരെ സാമർത്ഥ്യം വേണം. കാലാളും കുതിരസവാരിക്കാരും ആശയക്കുഴപ്പത്തിൽ വരുന്നു. അവസ്ഥ അനുസരിച്ചാണല്ലോ മനസ്സിലാക്കി കൊടുക്കുക. പ്രജാപിതാ ബ്രഹ്മാവാണെങ്കിൽ ഇവിടെയാണ്. ബ്രാഹ്മണരിലൂടെ ജ്ഞാന യജ്ഞം രചിക്കുന്നുവെങ്കിൽ തീർച്ചയായും ബ്രാഹ്മണരും വേണമല്ലോ. പ്രജാപിതാ ബ്രഹ്മാവും ഇവിടെ വേണം, ആരിലൂടെയാണോ ബ്രാഹ്മണരുണ്ടാകുന്നത്. ബ്രാഹ്മണർ പറയുകയും ചെയ്യുന്നു ഞങ്ങൾ ബ്രഹ്മാവിന്റെ സന്താനമാണ്. മനസ്സിലാക്കുന്നു പരമ്പരയായി ഞങ്ങളുടെ കുലം ഉണ്ടാകുന്നു. പക്ഷെ ബ്രഹ്മാവ് എപ്പോഴാണുണ്ടായിരുന്നത് അത് അറിയുകയില്ല. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ്. ബ്രാഹ്മണർ അവരാണ് ആരാണോ ബ്രഹ്മാവിന്റെ സന്താനങ്ങൾ. അവരാണെങ്കിൽ ബാബയുടെ കർത്തവ്യമെന്താണെന്ന് അറിയുന്നേയില്ല. ഭാരതത്തിൽ ആദ്യം ബ്രാഹ്മണർ തന്നെയാണുണ്ടാവുന്നത്. ഉയർന്നതിലും ഉയർന്ന കുലം ബ്രാഹ്മണ കുലമാണ്. ആ ബ്രാഹ്മണരും മനസ്സിലാക്കുന്നു ഞങ്ങളുടെ കുലം തീർച്ചയായും ബ്രഹ്മാവിൽ നിന്ന് തന്നെയാണുണ്ടായത്. പക്ഷെ എങ്ങനെ, എപ്പോൾ.....അത് വിവരിക്കാൻ സാധിക്കുകയില്ല. നിങ്ങൾക്കറിയാം – പ്രജാപിതാ ബ്രഹ്മാവ് തന്നെയാണ് ബ്രാഹ്മണരെ രചിക്കുന്നത്. ആ ബ്രാഹ്മണർ തന്നെയാണ് പിന്നീട് ദേവതയാവേണ്ടത്. ബ്രാഹ്മണരെ വന്ന് ബാബ പഠിപ്പിക്കുന്നു. ബ്രാഹ്മണരുടെയും രാജവംശമില്ല. ബ്രാഹ്മണരുടെ കുലമുണ്ട്, രാജവംശമെന്ന് അപ്പോഴേ പറയൂ എപ്പോഴാണോ രാജാവും റാണിയുമാവുന്നത്, എങ്ങനെയാണോ സൂര്യവംശീ രാജ പരമ്പര. നിങ്ങൾ ബ്രാഹ്മണരിൽ രാജാവുണ്ടാകുന്നില്ല. അവർ പറയുന്നു കൗരവരുടെയും പാണ്ഡവരുടെയും രാജ്യമായിരുന്നു, രണ്ടും തെറ്റാണ്. രാജ്യമാണെങ്കിൽ രണ്ടുപേർക്കുമില്ല. പ്രജയുടെ പ്രജയുടെ മേലുള്ള രാജ്യമാണ്, അതിനെ രാജധാനിയെന്ന് പറയില്ല. കിരീടമില്ല. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് – ആദ്യം ഡബിൾ കിരീടം ഭാരതത്തിലായിരുന്നു, പിന്നീട് സിംഗിൾ കിരീടം. ഈ സമയത്താണെങ്കിൽ കിരീടമില്ല. ഇതും നല്ല രീതിയിൽ വ്യക്തമാക്കി പറഞ്ഞുകൊടുക്കണം, ആരാണോ തികച്ചും നല്ല രീതിയിൽ ധാരണ ചെയ്യുന്നവർ അവർക്ക് നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കാനും കഴിയും. ബ്രഹ്മാവിനു മേലും കൂടുതൽ കാര്യം മനസ്സിലാക്കി കൊടുക്കാനുണ്ട്. വിഷ്ണുവിനെയും അറിയുന്നില്ല. ഇതും മനസ്സിലാക്കി കൊടുക്കണം. വൈകുണ്ഠത്തെ വിഷ്ണുപുരിയെന്ന് പറയുന്നു അർത്ഥം ലക്ഷ്മീ നാരായണന്റെ രാജ്യമായിരുന്നു. കൃഷ്ണൻ രാജകുമാരനാകുമ്പോൾ പറയുമല്ലോ–എന്റെ അച്ഛൻ രാജാവാണ് എന്ന്. കൃഷ്ണന്റെ അച്ഛൻ രാജാവാകില്ല എന്നില്ല. കൃഷ്ണൻ രാജകുമാരനാണെന്ന് പറയപ്പെടുകയാണെങ്കിൽ തീർച്ചയായും രാജാവിന്റെയടുത്താണ് ജന്മമുണ്ടാകുന്നത്. സമ്പന്നന്റെയടുത്താണ് ജന്മമെടുക്കുന്നതെങ്കിൽ രാജകുമാരനെന്ന് പറയില്ല. രാജാവിന്റെ പദവിയും സമ്പന്നന്റെ പദവിയും തമ്മിൽ രാവിന്റെയും പകലിന്റെയും വ്യത്യാസമുണ്ട്. കൃഷ്ണന്റെ അച്ഛൻ രാജാവിന്റെ നാമമേയില്ല. കൃഷ്ണന്റെ എത്ര പേരുകളാണ് പ്രസിദ്ധമായിട്ടുള്ളത്. അച്ഛന്റേത് ഉയർന്ന പദവിയെന്ന് പറയാൻ കഴിയില്ല. അത് സെക്കന്റ് ക്ലാസ്സിന്റെ പദവിയാണ് ആരാണോ കേവലം കൃഷ്ണന് ജന്മം നൽകുന്നതിന് നിമിത്തമാകുന്നത്. കൃഷ്ണന്റെ ആത്മാവിനെക്കാൾ അവർ ഉയർന്ന പഠിപ്പുള്ളവരാണെന്നുമല്ല. കൃഷ്ണൻ തന്നെയാണ് പിന്നീട് നാരായണനാകുന്നത്. ബാക്കി അച്ഛന്റെ പേര് തന്നെ മങ്ങിപ്പോകുന്നു. തീർച്ചയായും ബ്രാഹ്മണനാണ്. പക്ഷെ പഠിപ്പിൽ കൃഷ്ണനെക്കാൾ കുറവാണ്. കൃഷ്ണന്റെ ആത്മാവിന്റെ പഠിപ്പ് തന്റെ അച്ഛനെക്കാൾ ഉയർന്നതാണ്, അതുകൊണ്ടാണ് ഇത്രയും പേരുണ്ടായത്. കൃഷ്ണന്റെ അച്ഛനാരായിരുന്നു– ഇത് ആർക്കും തന്നെ അറിയില്ല. മുന്നോട്ട് പോകവേ അറിയാൻ സാധിക്കും. ആകുന്നത് ഇവിടെ നിന്ന് തന്നെയാണ്. രാധയുടെയും അമ്മയും അച്ഛനും ഉണ്ടാകുമല്ലോ. പക്ഷെ അവരെക്കാൾ രാധയുടെ പേര് കൂടുതൽ പ്രസിദ്ധമാണ് എന്തുകൊണ്ടെന്നാൽ അമ്മയും അച്ഛനും കുറഞ്ഞ പഠിപ്പുള്ളവരാണ്. രാധയുടെ പേര് അവരേക്കാൾ ഉയർന്നതാണ്. ഇത് വിശദമായ കാര്യമാണ് – കുട്ടികൾക്ക് മനസ്സിലാക്കി കൊടുക്കുന്നതിന് വേണ്ടി. മുഴുവൻ ആധാരവും പഠിപ്പിലാണ്. ബ്രഹ്മാവിനെക്കുറിച്ചും മനസ്സിലാക്കി കൊടുക്കാനുള്ള ബുദ്ധി വേണം. അവർ തന്നെയാണ് കൃഷ്ണൻ, അവരുടെ ആത്മാവ് തന്നെയാണ് 84 ജന്മം അനുഭവിക്കുന്നത്. നിങ്ങളും 84 ജന്മമെടുക്കുന്നു. എല്ലാവരും ഒരുമിച്ചൊന്നും വരില്ല. ആരാണോ പഠിപ്പിൽ ആദ്യമാദ്യമാകുന്നത്, അവിടെയും അവർ ആദ്യം വരും. നമ്പർവൈസായി വരുമല്ലോ. ഇത് വളരെ വലിയ കാര്യമാണ്. കുറഞ്ഞ ബുദ്ധിയുള്ളവർക്ക് ധാരണ ചെയ്യാൻ സാധിക്കില്ല. നമ്പർവൈസായി പോകുന്നു. നിങ്ങൾ നമ്പർവൈസായി ട്രാൻസ്ഫറാകുന്നു. എത്ര വലിയ ക്യൂവാണ്, അതിൽ പുറകിൽ പോകും. നമ്പർവൈസായി അവരവരുടെ സ്ഥാനത്ത് പോയി ഇരിക്കും. എല്ലാവരുടെയും സ്ഥാനം നിശ്ചയിക്കപ്പെട്ടതാണ്. ഇത് വളരെ വലിയ അത്ഭുതകരമായ കളിയാണ്. പക്ഷെ ആരും മനസ്സിലാക്കുന്നില്ല. ഇതിനെയാണ് പറയുന്നത് മുള്ളുകളുടെ കാട്. ഇവിടെ എല്ലാവരും പരസ്പരം ദുഖം കൊടുത്തുകൊണ്ടിരിക്കുന്നു. അവിടെയാണെങ്കിൽ സ്വഭാവിക സുഖമാണ്. ഇവിടെ കൃത്രിമമായ സുഖമാണ്. യഥാർത്ഥ

സുഖം ഒരു ബാബ തന്നെയാണ് നൽകുന്നത്. ഇവിടെ കാക്ക കാഷ്ഠത്തിന് സമാനമായ സുഖമാണ്. ദിനം പ്രതി തമോപ്രധാനമാവുകയാണ്. എത്ര ദുഖമാണ്. പറയുന്നു– ബാബാ മായയുടെ അനേകം കൊടുങ്കാറ്റ് വരുന്നു. മായ ഇളക്കുകയാണ്, ദുഖത്തിന്റെ ഫീലിംഗ് ഒരുപാട് വരുന്നു. സുഖദാതാവായ ബാബയുടെ കുട്ടിയായിട്ടുപോലും അഥവാ ദുഖത്തിന്റെ ഫീലിംഗ് വരുന്നുവെങ്കിൽ ബാബ പറയുന്നു– കുട്ടികളെ, ഇത് നിങ്ങളുടെ ഏറ്റവും വലിയ കർമ്മഭോഗാണ്. എപ്പോൾ ബാബയെ ലഭിച്ചുവോ എങ്കിൽ ദുഖത്തിന്റെ ഫീലിംഗ് വരരുത്. ഏതാണോ പഴയ കർമ്മഭോഗ് അതിനെ യോഗബലത്തിലൂടെ ഇല്ലാതാക്കൂ. അഥവാ യോഗബലം ഇല്ലായെങ്കിൽ ശിക്ഷ അനുഭവിച്ച് അവസാനിപ്പിക്കേണ്ടി വരും. ശിക്ഷ അനുഭവിച്ച് പദവി നേടുന്നത് ശരിയല്ല. പുരുഷാർത്ഥം ചെയ്യണം അല്ലായെങ്കിൽ പിന്നെ കോടതിയുണ്ട്. പ്രജയാണെങ്കിൽ ഒരുപാടുണ്ട്. ഇതാണെങ്കിൽ ഡ്രാമയനുസരിച്ച് എല്ലാവരും ഗർഭ ജയിലിൽ ഒരുപാട് ശിക്ഷകളനുഭവിക്കുന്നു. ഒരുപാട് ആത്മാക്കൾ അലയുന്നുമുണ്ട്. ചില–ചില ആത്മാക്കൾ വളരെയധികം നഷ്ടമുണ്ടാക്കുന്നു – ചില സമയത്ത് ചിലരിൽ അശുദ്ധ ആത്മാവിന്റെ പ്രവേശനം ഉണ്ടാകുമ്പോൾ എത്ര അവശത ഉണ്ടാകുന്നു. പുതിയ ലോകത്തിൽ ഈ കാര്യങ്ങളൊന്നും ഉണ്ടായിരിക്കില്ല. ഇപ്പോൾ നിങ്ങൾ പുരുഷാർത്ഥം ചെയ്യുകയാണ് – നമ്മൾ പുതിയ ലോകത്തിൽ പോകും. അവിടെ പോയി പുതിയ പുതിയ കൊട്ടാരങ്ങൾ ഉണ്ടാക്കേണ്ടി വരും. രാജാക്കന്മാരുടെയടുത്ത് ജന്മം എടുക്കും, എങ്ങനെയാണോ കൃഷ്ണൻ ജന്മമെടുക്കുന്നത്. പക്ഷെ ഇത്രയും കൊട്ടാരം മുതലായവയൊന്നും ആദ്യം തന്നെ ഉണ്ടായിരിക്കില്ല. അതെല്ലാം പിന്നീട് ഉണ്ടാക്കേണ്ടി വരും. ആരാണോ രചിക്കുന്നത്, അവരുടെയടുത്ത് ജന്മമെടുക്കുന്നു. പാടുന്നുമുണ്ട് – രാജാക്കന്മാരുടെയടുത്ത് ജന്മമുണ്ടാകുന്നു. എന്താകുമെന്ന് മുന്നോട്ട് പോകുമ്പോൾ കാണും. ഇപ്പോൾ ബാബ പറയുകയില്ല. അത് പിന്നെ കൃത്രിമ നാടകമായി മാറും, അതുകൊണ്ട് ഒന്നും തന്നെ പറയുകയില്ല. ഡ്രാമയിൽ പറയാനുള്ള പാർട്ടില്ല. ബാബ പറയുന്നു ഞാനും പാർട്ട്ധാരിയാണ്. വരാനുള്ള കാര്യം മുൻകൂട്ടി അറിയുമെങ്കിൽ ഒരുപാട് പറയും. ബാബ അന്തർയാമിയാണെങ്കിൽ ആദ്യം തന്നെ പറയും. ബാബ പറയുന്നു – ഇല്ല, ഡ്രാമയിൽ എന്താണോ നടക്കുന്നത്, അതിനെ സാക്ഷിയായി കണ്ട് മുന്നോട്ട് പോകൂ ഒപ്പമൊപ്പം ഓർമ്മയുടെ യാത്രയിൽ ഉന്മത്തനായിരിക്കൂ. ഇതിൽ തന്നെയാണ് തോൽവിയുണ്ടാകുന്നത്. ജ്ഞാനം ഒരിക്കലും കുറവ്–കൂടുതലാകുന്നില്ല. ഓർമ്മയുടെ യാത്രയാണ് ഇടയ്ക്ക് കുറവ്, ഇടയ്ക്ക് കൂടുതലാകുന്നത്. ജ്ഞാനം എന്താണോ ലഭിച്ചത്, അത് തന്നെയാണ്. ഓർമ്മയുടെ യാത്രയിൽ ഇടയ്ക്ക് ആവേശമുണ്ടാകുന്നു, ഇടയ്ക്ക് അയവാകുന്നു. കീഴോട്ടും മേലോട്ടുമുള്ള യാത്രയാകുന്നു. ജ്ഞാനത്തിൽ നിങ്ങൾ പടി കയറുന്നില്ല. ജ്ഞാനത്തെ യാത്രയെന്ന് പറയില്ല. യാത്ര ഓർമ്മയുടെതാണ്. ബാബ പറയുകയാണ് ഓർമ്മയിലിരിക്കുന്നതിലൂടെ നിങ്ങൾ സുരക്ഷിതരായിരിക്കും. ദേഹാഭിമാനത്തിൽ വരുന്നതിലൂടെ നിങ്ങൾ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു. വികർമ്മം ചെയ്യുന്നു. കാമം മഹാശത്രുവാണ്, അതിൽ തോറ്റു പോകുന്നു. ക്രോധം മുതലായവയ്ക്ക് ബാബ ഇത്രയും കാര്യം പറയുന്നില്ല.

ജ്ഞാനത്തിലൂടെ ഒന്നുകിൽ സെക്കന്റിൽ ജീവൻ മുക്തി അല്ലായെങ്കിൽ പിന്നെ പറയുകയാണ് സാഗരത്തെ മഷിയാക്കൂ എങ്കിൽ പോലും പൂർണ്ണമാകില്ല. അല്ലെങ്കിൽ കേവലം പറയുന്നു അല്ലാഹുവിനെ ഓർമ്മിക്കൂ. ഓർമ്മിക്കുക എന്ന് ആരെയാണ് പറയുന്നത്, ഇത് അറിയുന്നില്ല. പറയുന്നു കലിയുഗത്തിൽ നിന്ന് ഞങ്ങളെ സത്യയുഗത്തിലേയ്ക്ക് കൂട്ടികൊണ്ട് പോകൂ. പഴയ ലോകത്തിൽ ദുഖമാണ്. കാണുകയാണ് പേമാരിയിൽ എത്ര കെട്ടിടങ്ങളാണ് വീണുകൊണ്ടിരിക്കുന്നത്, എത്ര മുങ്ങിപോകുന്നു. പേമാരി മുതലായ ഈ പ്രകൃതി ക്ഷോഭങ്ങളും ഉണ്ടാകും. ഇതെല്ലാം പെട്ടെന്ന് ഉണ്ടായികൊണ്ടിരിക്കും. കുംഭകർണ്ണ നിദ്രയിൽ ഉറങ്ങുകയാണ്. വിനാശത്തിന്റെ സമയത്താണ് ഉണരുന്നതെങ്കിൽ പിന്നെ എന്ത് ചെയ്യാൻ സാധിക്കും. മരിക്കും. ഭൂമികുലുക്കവും ശക്തമായി ഉണ്ടാകും. കൊടുങ്കാറ്റ്, പേമാരി മുതലായ എല്ലാം ഉണ്ടാകും. ബോംബും എറിയും. പക്ഷെ ഒപ്പം ആഭ്യന്തരയുദ്ധവും ഉണ്ടാകും...... രക്തത്തിന്റെ നദിയെന്ന് പാടപ്പെട്ടിട്ടുള്ളതാണ്. ഇവിടെ ഒരുപാട് മരണവുമുണ്ടാകുന്നു. പരസ്പരം കേസ് കൊടുത്തുകൊണ്ടിരിക്കുന്നു. അതിനാൽ തീർച്ചയായും വഴക്കടിക്കും. എല്ലാവരും അനാഥരാണ്, നിങ്ങളാണ് നാഥനായ ബാബയുടെത്. നിങ്ങൾക്കൊരു യുദ്ധവും ചെയ്യേണ്ടതില്ല. ബ്രാഹ്മണനായതിലൂടെ നിങ്ങൾ നാഥന്റെതായി മാറികഴിഞ്ഞു. നാഥനെന്ന് അച്ഛനെ അല്ലെങ്കിൽ പതിയെയാണ് പറയുന്നത്. ശിവബാബയാണെങ്കിൽ പതിമാരുടെയും പതിയാണ്. എൻഗേജ്മെന്റ് കഴിഞ്ഞാൽ പിന്നെ പറയും നമ്മൾ അങ്ങനെയുള്ള പതിയെ എപ്പോൾ കാണും. ആത്മാക്കൾ പറയുന്നു – ശിവബാബാ, അങ്ങുമായി ഞങ്ങളുടെ എൻഗേജമെന്റ് കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ അങ്ങയെ ഞങ്ങളെങ്ങനെ കാണും? ചിലരാണെങ്കിൽ സത്യമെഴുതുന്നു, ചിലരാണെങ്കിൽ വളരെയധികം മറച്ചു വെയ്ക്കുന്നു. സത്യമായി എഴുതുന്നില്ല ബാബാ ഞങ്ങളിൽ നിന്ന് ഈ തെറ്റുണ്ടായി ക്ഷമിച്ചാലും. അഥവാ ആരെങ്കിലും വികാരത്തിൽ വീണു എങ്കിൽ ബുദ്ധിയിൽ ധാരണ ഉണ്ടാവാൻ സാധിക്കില്ല. ബാബ പറയുന്നു നിങ്ങൾ അങ്ങനെയുള്ള കടുത്ത തെറ്റ് ചെയ്തുവെങ്കിൽ തവിടുപൊടിയാകും. നിങ്ങളെ ഞാൻ വെളുത്തവരാക്കി മാറ്റാൻ വന്നിരിക്കുകയാണ്, പിന്നെ നിങ്ങളെങ്ങനെ കറുത്ത മുഖമാ

ക്കും. വേണമെങ്കിൽ സ്വർഗ്ഗത്തിൽ വരും, ഒരു വിലയുമില്ലാത്ത പദവി നേടും. രാജധാനി സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണല്ലോ. ചിലരാണെങ്കിൽ തോൽവി അനുഭവിച്ച് ജന്മ-ജന്മാന്തരം പദ ഭ്രഷ്ടരായി മാറുന്നു. പറയും ബാബയിൽ നിന്നും നിങ്ങൾ ഈ പദവി നേടാൻ വന്നതാണ്, ബാബ ഇത്രയും ഉയർന്നതാക്കി മാറ്റും, നമ്മൾ കുട്ടികൾ പിന്നെ പ്രജയാവില്ല. അച്ഛൻ ഗദ്ദിയിലും മക്കൾ ദാസ-ദാസിയും, എത്ര ലജ്ജാകരമായ കാര്യമാണ്. പിന്നീട് നിങ്ങൾക്കെല്ലാ സാക്ഷാത്ക്കാരവും ഉണ്ടാകും. പിന്നീട് വളരെയധികം പശ്ചാത്തപിക്കും. അനാവശ്യമായി അങ്ങനെ ചെയ്തു. സന്യാസിയും ബ്രഹ്മചര്യത്തിലിരിക്കുന്നു, അതിനാൽ എല്ലാ വികാരികളും അവരുടെ മുന്നിൽ തല കുനിക്കുന്നു. പവിത്രതയുടെ അംഗീകാരമാണ്. ചിലരുടെ ഭാഗ്യത്തിലില്ലായെങ്കിൽ ബാബ വന്ന് പഠിപ്പിക്കുന്നു എന്നിട്ടും തെറ്റ് ചെയ്തുകൊണ്ടിരിക്കുന്നു. ഓർമ്മിക്കുന്നേയില്ല. വളരെയധികം വികർമ്മം ചെയ്യുന്നു. നിങ്ങൾ കുട്ടികളിൽ ഇപ്പോൾ ബൃഹസ്പതിയുടെ ദശയാണ്. അതിലും ഉയർന്ന ദശ വേറെയുണ്ടാവില്ല. ദശകൾ നിങ്ങൾ കുട്ടികളിൽ ചക്രം കറക്കികൊണ്ടിരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

### ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. ഈ ഡ്രാമയിലെ ഓരോ രംഗത്തെയും സാക്ഷിയായി കാണണം, ഒരു ബാബയുടെ ഓർമ്മയിൽ ഉന്മത്തമായിരിക്കണം. ഓർമ്മയുടെ യാത്രയിൽ ഒരിക്കലും ഉത്സാഹം കുറയരുത്.

2. പഠിപ്പിൽ ഒരിക്കലും ഉപേക്ഷ കാണിക്കരുത്, തന്റെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിന് വേണ്ടി തീർച്ചയായും പവിത്രമായി മാറണം. തോൽവി അനുഭവിച്ച് ജന്മ - ജന്മാന്തരത്തേയ്ക്കുള്ള പദവി നഷ്ടമാക്കരുത്.

## വരദാനം : സത്യമായ സേവനത്തിലൂടെ, അനശ്വരവും അലൗകികവുമായി സന്തോഷത്തിന്റെ സാഗരത്തിൽ അലയടിക്കുന്ന സൗഭാഗ്യശാലി ആത്മാവായി ഭവിക്കട്ടെ.

ഏതൊരു കുട്ടികളാണോ സേവനത്തിൽ ബാപ്ദാദയുടെയും നിമിത്ത ആത്മാക്കളുടെയും സ്നേഹത്തിന്റെ അനുഗ്രഹത്തിന്റെ പ്രാപ്തി ചെയ്യുന്നുവോ അവരുടെ ഉള്ളിൽ അലൗകിക ആത്മീയ സന്തോഷം അനുഭവപ്പെടുന്നു. അവർ സേവനങ്ങളിലൂടെ ആന്തരീക സന്തോഷത്തിലും ആത്മീയ സുഖത്തിലും പരിധിയില്ലാത്ത പ്രാപ്തികളുടെയും അനുഭവം ചെയ്തുകൊണ്ട് സദാ സന്തോഷത്തിന്റെ സാഗരത്തിൽ അലയടിച്ചു കൊണ്ടിരിക്കുന്നു. സത്യമായ സേവ സർവ്വരുടെയും സ്നേഹത്തിന്റെയും അവിനാശിയായ ബഹുമാനവും സന്തോഷവും പ്രാപ്തമാകുന്നു അതിലൂടെ സൗഭാഗ്യ ശാലി ശ്രേഷ്ഠ ഭാഗ്യവാനായി അനുഭവം ചെയ്യുന്നു. ആരാണോ സദാ സന്തോഷത്തിൽ അവർ തന്നെയാണ് സൗഭാഗ്യ ശാലിയായി മാറുന്നത്.

## സ്ലോഗൻ: സദാ ഹർഷിതരും ആകർഷണമൂർത്തി ആകുവാൻ വേണ്ടി സന്തുഷ്ട മണിയായി മാറു.

**അവ്യക്ത സൂചന: സഹജയോഗിയായി മാറുന്നതിനു വേണ്ടി പരമാത്മ സ്നേഹത്തിന്റെ അനുഭവിയായി മാറു.**

കർമ്മത്തിലും വാക്കിലും സംബന്ധ സമ്പർക്കത്തിലും സ്നേഹത്തിലും സ്മൃതി അല്ലെങ്കിൽ സ്ഥിതിയിൽ ലൗ ലീനമായി ഇരിക്കുക എത്രത്തോളം സ്നേഹിയായി ഇരിക്കുന്നുവോ അവർക്ക് അത്രതന്നെ ലൗലിനമായി ഇരിക്കുവാൻ സാധിക്കും. മനുഷ്യാത്മാക്കൾ സ്നേഹത്തിൽ ലയിക്കുന്ന ഈ ഘട്ടത്തെ ലയിക്കുന്ന അവസ്ഥ എന്നാണ് വിളിച്ചിരിക്കുന്നത്. അവർ ബാബയോടുള്ള സ്നേഹം അവസാനിപ്പിച്ച് 'ലയിച്ചു' എന്ന വാക്ക് മാത്രമേ ഗ്രഹിച്ചിട്ടുള്ളൂ. നിങ്ങൾ കുട്ടികൾ ബാബയുടെ സ്നേഹത്തിൽ ലേയിച്ചാൽ, മറ്റു ആത്മാക്കളും സഹജമായി നിങ്ങൾക്കു സമാനമായും ബാബാക്ക് സമാനമായും മാറുവാൻ സാധിക്കും.